30/05/2026

SATURDAY

ശനിയാഴ്ച്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

**Chief Editor:** SINDHU. K S **Editor:** Dr. V. Krishnadas

Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 30/05/2026

1. ലോകബാങ്കിന്റെ സഹായത്തോടെ കൃഷി വകുപ്പ് നടപ്പാക്കുന്ന **കേര** പദ്ധതിയിലൂടെ പുനർനടീൽ നടത്തുന്ന റബർ കർഷകർക്ക് ഹെക്ടറിന് 75,000 രൂപ നിരക്കിൽ സർക്കാരിന്റെ നേരിട്ടുള്ള ധനസഹായം ലഭ്യമാക്കുന്ന സ്കീമിലേക്ക് ഇപ്പോൾ അപേക്ഷിക്കാം. സംസ്ഥാനത്ത് 30,000 ഹെക്ടറിലെ പുനർനടീലിലൂടെ 50,000 ത്തോളം റബർ കർഷകർക്ക് സഹായം ലഭ്യമാക്കും. 25 സെന്റ് മുതൽ 5 ഹെക്ടർവരെ റബർ കൃഷിയുള്ള ചെറുകർഷകർക്ക് പ്രത്യേക പ്രാധാന്യം നൽകുന്നതാണ് പദ്ധതി. ആദ്യ വർഷം 55,000 രൂപയും രണ്ടാം വർഷം 20,000 രൂപയും ഓരോ കർഷകനും പരമാവധി 2 ഹെക്ടർ വരെയുള്ള റബർ പുനർനടീലിന് ധനസഹായം ലഭിക്കും. ഉത്പാദനക്ഷമത കുറഞ്ഞ പഴയ റബർ മരങ്ങൾ മുറിച്ച് മാറ്റി, ഉത്പാദനക്ഷമതയുള്ളവ വച്ചുപിടിപ്പിക്കുന്നതിന് പ്രോത്സാഹനം നൽകുന്നതാണ് പദ്ധതി. ഗുണമേന്മയുള്ള തൈകൾ കുറഞ്ഞ ചെലവിൽ കർഷകർക്ക് ലഭ്യമാക്കുന്നതിന് ഓരോ നഴ്സറിക്കും പരമാവധി 6 ലക്ഷം രൂപ വരെ സബ്സിഡി അനുവദിക്കും. അപേക്ഷകർ തിരിച്ചറിയൽ രേഖ, ഫോട്ടോ,

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ബാങ്ക് പാസ് ബുക്ക്, കൈവശാവകാശ സർട്ടിഫിക്കറ്റ്, കൃഷിയിടത്തിന്റെ സ്കെച്ച്, അംഗീകൃത നഴ്സറിയിൽ നിന്ന് നടീൽ വസ്തുക്കൾ വാങ്ങിയതിന്റെ ബിൽ തുടങ്ങിയ രേഖകൾ ഓൺ ലൈനായി സമർപ്പിക്കണം. അപേക്ഷ നൽകേണ്ട ഓൺലൈൻ പോർട്ടൽ- www.keraplantation.kerala.gov.in. കൂടുതൽ വിവരങ്ങൾക്ക് ഫോൺ നമ്പർ തിരുവനന്തപുരം (6238450476), 9037824036 (കോട്ടയം), 9037824049 തൃശ്ശൂർ, 9037824047 (കണ്ണൂർ) എന്നീ നമ്പരുകളിലോ ബന്ധപ്പെടുക.

2. സർക്കാർ പൊതുമേഖലാ സ്ഥാപനമായ സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷന്' (കെപ്കോ) കീഴിൽ പ്രവർത്തിക്കുന്ന മുട്ടക്കോഴി വളർത്തൽ കേന്ദ്രങ്ങളിൽ നിന്നും ഉൽപ്പാദിപ്പിക്കുന്ന ഗുണമേന്മയുള്ളതും വർഷത്തിൽ 300 മുട്ടകൾ വരെയിടുന്നതുമായ ഒരു ദിവസം പ്രായമായ ബി.വി-380 ഇനത്തിൽപ്പെട്ട മുട്ടക്കോഴി കുഞ്ഞുങ്ങൾ വിൽപ്പനയ്ക്ക് ലഭ്യമാണ്. ആവശ്യമുള്ളവർ രാവിലെ 10.00 മണി മുതൽ വൈകുന്നേരം 5.00 മണിവരെ 9495000915, 9495000923, 9495000934 എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടുക.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

3. കുടപ്പനക്കുന്ന് ജില്ലാ കന്നുകാലി വളർത്തൽ കേന്ദ്രത്തിന്റെ അധീനതയിലുള്ള വിവിധ പ്ലോട്ടുകളിൽ നിന്നും, ഇതര സർക്കാർ ഫാമുകളിൽ നിന്നും ആവശ്യാനുസരണം ഫാമിലെ ചോപ്പിംഗ് മെഷിനു സമീപം വൈക്കോല്/തീറ്റപ്പുല്ല് എത്തിയ്ക്കുന്നതിന് 2000 കിലോയിൽ താഴെ ഭാരം വഹിക്കാൻ ശേഷിയുള്ള പിക്-അപ്പ് വാഹനം വാടകയ്ക്ക് ആവശ്യമുണ്ട്. ഇപ്രകാരം പിക്-അപ് വാഹനം വാടകയ്ക്ക് നൽകുന്നതിന് താൽപ്പര്യമുള്ള വാഹന ഉടമകളിൽ നിന്നും/ഏജൻസികളിൽ നിന്നും മത്സരാധിഷ്ഠിത ക്വട്ടേഷനുകൾ ക്ഷണിച്ചുകൊള്ളുന്നു. ക്വട്ടേഷനുകൾ മുദ്ര വച്ച് കവറിൽ ഫാം സൂപ്രണ്ട്, ജില്ലാ കന്നുകാലി വളർത്തൽ കേന്ദ്രം, കുടപ്പനക്കുന്ന്പി.ഒ. തിരുവനന്തപുരം 695043. എന്ന വിലാസത്തിൽ അയച്ചു നൽകുകയോ നേരിട്ട് എത്തിക്കുകയോ ചെയ്യേണ്ടതാണ്. കവറിന് പുറത്ത് "പിക് അപ് വാഹനത്തിന്റെ വാടക സംബന്ധമായ ക്വട്ടേഷൻ 2026-27" എന്ന് രേഖപ്പെടുത്തേണ്ടതാണ്. ക്വട്ടേഷനുകൾ സമർപ്പിക്കേണ്ട അവസാന തീയതി 30/05/2026-ന് പകൽ 11.00 മണിയാണ്. കൂടുതൽ വിവരങ്ങൾക്ക് പ്രവൃത്തി ദിവസങ്ങളിൽ ഫാം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
Website: fibkerala.gov.in
E-mail:piofibtvm@gmail.com
Telephone: 0471 – 2318186, 2317314

ഓഫീസുമായി പകൽ 10 മണി മുതൽ 5 മണി വരെ 0471 2732962 എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

4. കേരളകാർഷികസർവ്വകലാശാലയുടെ കീഴിലുള്ള വെള്ളാനിക്കര പച്ചക്കറിശാസ്ത്ര വിഭാഗത്തിൽ ഇൂർക്കതലകൾവില്പനക്ക് തയ്യാറായിട്ടുണ്ട്. ഒരു ഇൂർക്ക തലക്ക് 1 രൂപ എന്ന നിരക്കിൽ ലഭ്യമാണ്. വില്പന സമയം 9:00 AM – 4:00 PM വരെ. ഫോൺ : 9188248481.

5. 2025-26 അധ്യയന വർഷത്തെ എസ്.എസ്.എൽ.സി/ പ്ലസ്ടു/വി.എച്ച്.എസ്.സി/സി.ബി.എസ്.സി 10, 12 എന്നീ പരീക്ഷകളിൽ എല്ലാ വിഷയങ്ങളിലും എ പ്ലസ്, എ വൺ കരസ്ഥമാക്കിയ മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള മത്സ്യത്തൊഴിലാളി വികസന ക്ഷേമസഹകരണ സംഘങ്ങളിൽ അംഗങ്ങളായ മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസ അവാർഡ് നൽകുന്നതിന് അപേക്ഷ ക്ഷണിച്ചു. ബന്ധപ്പെട്ട എല്ലാ രേഖകളും സഹിതം രക്ഷിതാവിന്റെ അപേക്ഷ ജൂൺ ഒന്നിന് മുൻപായി ലഭ്യമാക്കണം. വിശദ വിവരങ്ങൾ മത്സ്യഫെഡ് ക്ലസ്റ്റർ ഓഫീസുകളിലോ ജില്ലാ ഓഫീസിലോ ലഭ്യമാണ്. ഫോൺ: 9526041231.

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## പരിശീലന പരിപാടി

6. ഭക്ഷ്യ സംസ്കരണ മേഖലയിലെ സംരംഭകത്വ വികസനം' എന്ന വിഷയത്തിൽ, 01/06/2026 മുതൽ ഒരു മാസം ദൈർഘ്യമുള്ള പ്രായോഗിക പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. കാർഷിക സർവകലാശാലയുടെ അഗ്രിബിസിനസ്സ് ഇൻക്യൂബേറ്ററിൽ വെച്ചാണ് ട്രെയിനിംഗ് നടത്തപ്പെടുന്നത്. പങ്കെടുക്കാൻ താത്പര്യമുള്ളവർ https://tinyurl.com/3dhzx3vu എന്ന ലിങ്ക് വഴി രജിസ്റ്റർ ചെയ്യുക. കൂടുതൽ വിവരങ്ങൾക്കു 9778436265 എന്ന വാട്സാപ്പ് നമ്പറിലോ 0487 2438332 എന്ന ഫോൺ നമ്പറിലോ ബന്ധപ്പെടുക.

## കാർഷിക നിർദ്ദേശം

### 7. തെങ്ങ് – കൂമ്പ് ചീയൽ

തുടർച്ചയായ മഴ മൂലം കൂമ്പ് ചീയൽ രോഗം വരാൻ സാധ്യതയുണ്ട്. തെങ്ങിലെ കൂമ്പ്ചീയൽ രോഗത്തിന് മുൻകരുതലായി മാങ്കോസേബ് നിറച്ച, സുഷിരങ്ങൾ ഇട്ട ചെറു പോളിത്തീൻ പാക്കറ്റുകൾ (5 ഗ്രാം) മൂന്നു പാക്കറ്റ് വീതം ഓരോ തെങ്ങിന്റെ  കൂമ്പിനു ചുറ്റും കവിളിൽ വയ്ക്കുക.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

**കവുങ്ങ് – മഹാളി**

കൃഷിയിടം വൃത്തിയായി കൊഴിഞ്ഞുപോയ അടക്കകൾ നശിപ്പിച്ചു കളയുക . തെക്ക പടിഞ്ഞാറൻ കാലവർഷം ആരംഭിക്കുന്നതിന് മുമ്പായി ഒരു ശതമാനം വീര്യമുള്ള ബോർഡോ മിശ്രിതം കുലകളിലും ഇലകളിലും തളിച്ച് കൊടുക്കുക.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം